"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

വിവര പൊതുജന സമ്പർക്ക വകുപ്പ്-കേരള മീഡിയ അക്കാദമിയിലെ ഓഫീസ് അറ്റൻഡന്റിന്റെ സ്ഥിരം തസ്തികയിൽ ഇപ്പോൾ ജോലി ചെയ്ത് വരുന്ന ശ്രീമതി ഷീബ കെ.വി.-യ്ക്ക് അക്കാദമിയിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകികൊണ്ടും W.P.(C)No.1240/2021 നമ്പർ കേസിന്മേൽ 22/02/2021-ലെ ഹൈക്കോടതി വിധിയും കോടതി അലക്ഷ്യ കേസ് നം. 1862/2021-ലെ നിർദ്ദേശങ്ങളും പാലിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിവര പൊതുജന സമ്പർക്ക (എ) വകുപ്പ്**

സ.ഉ.(കൈ) നം.2/2022/ഐ & പി.ആര്‍ തീയതി,തിരുവനന്തപുരം, 10/01/2022

---

പരാമർശം:-

1. കേരള മീഡിയാ അക്കാദമി സെക്രട്ടറിയുടെ 13/03/2017, 05/02/2019 എന്നീ തീയതികളിലെ 166/F/2016/KMA നമ്പർ കത്തുകൾ (Ext. P9 & Ext. P15) .
2. 27/07/2019-ലെ എ2/138/2017/ഐ& പിആർ നമ്പർ കത്ത് (Ext. P16).
3. 10/12/2019-ലെ എ2/142/2019/ഐ& പിആർ നമ്പർ കത്ത് (Ext. P19).
4. ബഹു. ഹൈക്കോടതിയുടെ 22/02/2021-ലെ W.P. (C)1240/2021 നമ്പർ കേസിന്റെ വിധിന്യായം.
5. ബഹു. ഹൈക്കോടതിയുടെ 08/11/2021-ലെ കോടതിയലക്ഷ്യ കേസ് നമ്പർ 1862/2021-ലെ നിർദ്ദേശങ്ങൾ.
6. 12/11/2021 തീയതിയിലെ അഡ്വക്കേറ്റ് ജനറൽ, എറണാകുളത്തിന് അയച്ച എ2/8/2021/ഐ&പിആർഡി നമ്പർ കത്ത്.
7. 24/11/2021 തീയതിയിലെ അഡ്വക്കേറ്റ് ജനറൽ, എറണാകുളത്തിന് അയച്ച എ2/8/2021/ഐ&പിആർഡി നമ്പർ കത്ത്.
8. 30/11/2021-ൽ അഡ്വക്കേറ്റ് ജനറൽ, എറണാകുളത്തിന് അയച്ച എ2/8/2021/ഐ&പിആർഡി നമ്പർ കത്ത്.
9. കേരള മീഡിയാ അക്കാദമിയുടെ 01/12/2021, 10/12/2021 എന്നീ തീയതികളിലെ 166/ഇ/2016/കെ.എം.എ. നമ്പർ കത്തുകൾ
10. അഡ്വക്കേറ്റ് ജനറൽ, എറണാകുളത്തിന്റെ 06/12/2021 തീയതിയിലെ U1-WP (C) 1240/2021/2021051138 നമ്പർ കത്ത്.
11. ബഹു. ഹൈക്കോടതിയുടെ 08/12/2021-ലെ W.P. (C) 1240/2021-ൻ മേലുളള I.A.2/2021.
12. അഡ്വക്കേറ്റ് ജനറൽ, എറണാകുളത്തിന്റെ 30/12/2021 തീയതിയിലെ X1/COC1862/2021/2021056062 നമ്പർ കത്ത്.

## ഉത്തരവ്

കേരള മീഡിയ അക്കാദമിയിലെ ഓഫീസ് അറ്റൻഡന്റിന്റെ സ്ഥിരം തസ്തികയിൽ 23/01/2012 മുതൽ ജോലി ചെയ്ത് വരുന്നതും 23/01/2013-ൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുളളതുമായ ശ്രീമതി ഷീബ.കെ.വി. ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയ്ക്ക് വേണ്ട യോഗ്യത പരീക്ഷകൾ

പാസ്സായിട്ടുള്ളതും അക്കാദമിയിലെ മറ്റ് ഓഫീസ് അറ്റൻഡന്റുമാർക്ക് ടി യോഗ്യത ഇല്ലാത്തതിനാലും ടിയാളെ അക്കാദമിയിലെ ഒഴിഞ്ഞു കിടക്കുന്ന ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കണമെന്ന 10/03/2016-ലെ അക്കാദമി നിർവ്വാഹക സമിതി യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അക്കാദമി സെക്രട്ടറി പരാമർശം (1) പ്രകാരം സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

**2.** ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൻ കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമായ കേരള മീഡിയ അക്കാദമിയിൽ ജീവനക്കാരുടെ നിയമനവും സേവനവ്യവസ്ഥകളും സംബന്ധിച്ച 'വിശേഷാൽ ചട്ടങ്ങൾ' രൂപീകരിച്ചിട്ടില്ലാത്തതും ആയതിനാൽ തന്നെ കേരള പബ്ലിക് സർവ്വീസ് ആക്റ്റിനു കീഴിൽ വരുന്ന സ്ഥാപനവുമല്ലാത്തതിനാൽ പി.എസ്.സി മുഖാന്തിരമല്ല ജീവനക്കാരുടെ നിയമനം നടത്തുന്നത്. അക്കാദമിയിൽ ഡെപ്യൂട്ടേഷൻ മുഖാന്തിരവും ബോർഡ് തീരുമാന പ്രകാരവും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കരാർ വ്യവസ്ഥയിലുമാണ് നിയമനം നടത്തി വരുന്നത്. അക്കാദമിയിൽ നിലവിൽ രണ്ട് ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളാണുള്ളത്. 31/03/2010-ന് മുൻപ് മുതൽ ഒഴിഞ്ഞു കിടക്കുന്ന പ്രസ്തുത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ദിവസവേതനാടിസ്ഥാനത്തിലുമാണ് താൽക്കാലിക നിയമനം നടത്തി വരുന്നത്.

**3.** 22/10/2001-ലെ 1208/2001/ഫിൻ ഉത്തരവ് പ്രകാരം ഒരു വർഷത്തിലധികം ഒഴിഞ്ഞു കിടക്കുന്ന തസ്തിക ഇല്ലാതായതായി കണക്കാക്കപ്പെടുന്നതാണ്. ടി ഉത്തരവ് പ്രകാരം 2016-ന് മുൻപുമുതൽ ഒഴിഞ്ഞുകിടക്കുന്ന LDടൈപ്പിസ്റ്റ് തസ്തികയിൽ ശ്രീമതി.ഷീബ.കെ.വി.-യെ നിലവിലുള്ള OA തസ്തികയിൽ നിന്നും സ്ഥാനകയറ്റം നൽകി നിയമിക്കാൻ കഴിയാത്തതിനാൽ പരാമർശം (1) പ്രകാരമുള്ള അക്കാദമി സെക്രട്ടറിയുടെ അഭ്യർത്ഥന പരാമർശം (2), (3) പ്രകാരം സർക്കാർ നിരസിച്ചിരുന്നു. ഇതിനെതിരായി കേരള മീഡിയ അക്കാദമിയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി ഷീബ.കെ.വി., അക്കാദമിയിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് നിയമിക്കണമെന്നഭ്യർത്ഥനയോടെ ബഹു. ഹൈക്കോടതി മുൻപാകെ W.P.(C)No.1240/2021കേസ് ഫയൽ ചെയ്യുകയുണ്ടായി. പരാമർശം (4)-ലെ ഹൈക്കോടതി വിധിന്യായം പ്രകാരം പരാമർശം (2), (3) സർക്കാർ തീരുമാനങ്ങൾ മാറ്റി വച്ച് ഹർജിക്കാരന്റെ ആവശ്യം ബന്ധപ്പെട്ട അധികാരി പുന:പരിശോധിച്ച്, വിധിന്യായം സർക്കാരിൽ ലഭ്യമായ തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ, നടപടി സ്വീകരിക്കണമെന്ന് ഉത്തരവായിരുന്നു. 02/03/2021-ൽ സർക്കാരിൽ ലഭ്യമായ വിധിന്യായം നടപ്പിലാക്കേണ്ട സമയപരിധി 01/05/2021-ൽ കഴിഞ്ഞിരുന്നു. അതിനിടെ 22/02/2021-ലെ വിധി ന്യായത്തിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലെന്ന് ആരോപിച്ച് ഹർജിക്കാരി സമർപ്പിച്ച കോടതി അലക്ഷ്യ കേസ് നമ്പർ 1862/2021 പരാമർശം (5) പ്രകാരം അഡ്വക്കേറ്റ് ജനറൽ കൈമാറിയിട്ടുള്ളതും കേസ് പുന:പരിശോധിച്ച് റിപ്പോർട്ട് ചെയ്യുകയോ അല്ലെങ്കിൽ വിധിന്യായം പാലിക്കാത്തതിന്റെ കാരണങ്ങൾ കാണിക്കുന്ന ആവശ്യമായ നിർദ്ദേശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ആയതിനെ തുടർന്ന് ഇതുവരെ ഉണ്ടായ കാലതാമസം മാപ്പാക്കണമെന്നും അപേക്ഷക ഫയൽ ചെയ്ത W.P.(C)1240/2021 നമ്പർ കേസിന്റെ 22/02/2021- ലെ ബഹു കോടതി വിധിന്യായവും കോടതി അലക്ഷ്യ കേസ് നമ്പർ 1862/2021-ലെ വിധിയും നിർദ്ദേശങ്ങളും പാലിക്കാൻ സമയം ദീർഘിപ്പിച്ചു കിട്ടുന്നതിന് പരാമർശം (6), (7) എന്നിവ പ്രകാരം 2 തവണ സർക്കാർ അഡ്വക്കേറ്റ് ജനറൽ-നോട് അഭ്യർത്ഥിച്ചിരുന്നു.

**4.** സർക്കാരിൽ ഒഴിവുള്ള തസ്തികകളിൽ പൊതു താൽപര്യം നോക്കാതെ, വ്യക്തിപരമായ താൽപര്യങ്ങൾക്കായി കോടതികളെ സമീപിച്ച് പ്രൊമോഷൻ ഉത്തരവുകൾ സമ്പാദിക്കുന്നതുവഴി അനാവശ്യമായ തസ്തികകൾ നികത്തുകയും സാമ്പത്തിക നഷ്ടം ഉണ്ടാവുകയും ചെയ്യുമെന്നതിനാൽ മേൽ കേസിൻമേൽ അപ്പീൽ ഫയൽ ചെയ്യുന്നത് സംബന്ധിച്ച് അഭിപ്രായത്തിനായി പരാമർശം (8) പ്രകാരം അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിരുന്നു. വിധിക്കെതിരെ അപ്പീലിന് സാധ്യതയില്ലായെന്നും 03/01/2014-ലെ G.O(P)No.1/2014/P&ARD, 22/10/2001-ലെ G.O(P)No.1208/2001/Fin എന്നീ രണ്ട് സർക്കാർ ഉത്തരവുകളുടെയും പ്രായോഗികത സംബന്ധിച്ച് വിഷയം പുന:പരിശോധിച്ച് ഉത്തരവ്

പുറപ്പെടുവിക്കുവാനും കോടതി വിധി പാലിക്കുവാനും പരാമർശം (10) പ്രകാരം അഡ്വക്കേറ്റ് ജനറൽ നിർദ്ദേശിച്ചു. പരാമർശം (11) പ്രകാരം ബഹു. ഹൈക്കോടതി കോടതി ഉത്തരവ് പാലിക്കുവാനുള്ള സമയപരിധി 31/12/2021 വരെ ദീർഘിപ്പിച്ച് നല്കിയിരുന്നു.

**5.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മീഡിയ അക്കാദമിയിലെ ഓഫീസ് അറ്റൻഡന്റിന്റെ സ്ഥിരം തസ്തികയിൽ ഇപ്പോൾ ജോലി ചെയ്ത് വരുന്ന ശ്രീമതി ഷീബ.കെ.വി.-യ്ക്ക് 26500-60700/- ശമ്പള സ്കെയിലിൽ അക്കാദമിയിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**6.** അപ്രകാരം W.P.(C)No.1240/2021 നമ്പർ കേസിൻമേലുള്ള 22/02/2021-ലെ ഹൈക്കോടതി വിധിയും കോടതി അലക്ഷ്യ കേസ് നമ്പർ 1862/2021-ലെ നിർദ്ദേശങ്ങളും പാലിച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ശ്രീമതി ഷീബ.കെ.വി.,ഓഫീസ് അറ്റൻഡന്റ്, കേരള മീഡിയ അക്കാദമി
സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ& ഇ), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്.
വെബ് & ന്യൂ മീഡിയ വിഭാഗം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Swathi
സെക്ഷൻ ഓഫീസർ

പകർപ്പ് :

ബഹു മുഖ്യമന്ത്രിയുടെ പി.എസ്-ന്.
ഡയറക്ടറുടെ/അഡീഷണൽ ഡയറക്ടറുടെ സി.എ-മാർക്ക്.

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നം. | എ 2/8/2021/ഐ & പി. ആർ ഡി |
| 2. വകുപ്പ് | വിവര പൊതുജന സമ്പർക്ക (എ) വകുപ്പ് |
| 3. വിഷയം | കേരള മീഡിയ അക്കാദമിയിലെ ഓഫീസ് അറ്റൻഡന്റിന്റെ സ്ഥിരം തസ്തികയിൽ ഇപ്പോൾ ജോലി ചെയ്ത് വരുന്ന ശ്രീമതി ഷീബ കെ. വി.-യ്ക്ക് 26500-60700/- ശമ്പള സ്കെയിലിൽ അക്കാദമിയിലെ എൽ. ഡി ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച് |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ തീയതി | 11/11/2021 |
| 5.(i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ള താണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളി ച്ചിട്ടുണ്ടോ? | (i) ഉണ്ട്<br>(ii) ഉണ്ട് |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളി ച്ചിട്ടുണ്ടോ? | ഉണ്ട് |
| 7. കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീമതി സീന. എ.എൻ |
| 8. കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീമതി സി.എ. ലത |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 27/11/2021 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി.ജോയ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 10.12.2021 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 03.01.2022 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 03.01.2022 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള മീഡിയാ അക്കാദമിയിലെ സ്ഥിരം തസ്തികയിൽ ഓഫീസ് അറ്റൻഡന്റ് ആയി GO (MS) No.1/2012/I&PRD., dtd., 21/01/2012 പ്രകാരം ജോലി ചെയ്തു വരുന്ന ശ്രീമതി ഷീബ കെ. വി-യ്ക്ക് നിലവിൽ ഒഴിഞ്ഞു കിടക്കുന്ന അക്കാദമിയിലെ എൽ. ഡി ടൈപ്പിസ്റ്റ് തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2) 23/01/2012 മുതൽ അക്കാദമിയിലെ ഓഫീസ് അറ്റൻഡന്റായി ശ്രീമതി ഷീബ കെ. വി. ജോലി ചെയ്തു വരുന്നു. ശ്രീമതി ഷീബ കെ. വി. 23/01/2013-ൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുണ്ടെന്നും, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയ്ക്ക് വേണ്ട യോഗ്യത പരീക്ഷകൾ പാസ്സായിട്ടുള്ളതിനാലും, അക്കാദമിയിലെ മറ്റ് ഓഫീസ് അറ്റൻഡന്റുമാർക്ക് ടി യോഗ്യത ഇല്ലാത്തതിനാലും ടിയാളെ അക്കാദമിയിലെ ഒഴിഞ്ഞു കിടക്കുന്ന ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കണമെന്ന 10/03/2016-ലെ അക്കാദമി നിർവ്വാഹക സമിതി യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അക്കാദമി സെക്രട്ടറി 03/11/2017-ൽ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

3) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൻ കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള മീഡിയ അക്കാദമി. മീഡിയ അക്കാദമിയിൽ ജീവനക്കാരുടെ നിയമനവും സേവനവ്യവസ്ഥകളും സംബന്ധിച്ച 'വിശേഷാൽ ചട്ടങ്ങൾ' രൂപീകരിച്ചിട്ടില്ലാത്തതും ആയതിനാൽ തന്നെ കേരള പബ്ലിക് സർവ്വീസ് ആക്റ്റിനു കീഴിൽ വരുന്ന സ്ഥാപനവുമല്ലാത്തതിനാൽ പി. എസ്. സി. മുഖാന്തിരമല്ല ജീവനക്കാരുടെ നിയമനം നടത്തുന്നത്. അക്കാദമിയിൽ ഡെപ്യൂട്ടേഷൻ മുഖാന്തിരവും ബോർഡ് തീരുമാന പ്രകാരവും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കരാർ വ്യവസ്ഥയിലുമാണ് നിയമനം നടത്തി വരുന്നത്. അക്കാദമിയിൽ നിലവിൽ രണ്ട് ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളാണുള്ളത്. ഈ രണ്ട് തസ്തികകളും 31/03/2010-നു മുൻപ് മുതൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ദിവസവേതനാടിസ്ഥാനത്തിലുമാണ് ടി തസ്തികകളിൽ താൽക്കാലിക നിയമനം നടത്തി വന്നിരുന്നത്.

4) മേൽ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*"22/10/2001 ലെ 1208/2001/ഫിൻ ഉത്തരവ് പ്രകാരം ഒരു വർഷത്തിലധികം ഒഴിഞ്ഞുകിടക്കുന്ന തസ്തിക ഇല്ലാതായതായി കണക്കാക്കപ്പെടുന്നതാണെന്നതിനാൽ, 2016-ന് മുൻപുമുതൽ ഒഴിഞ്ഞുകിടക്കുന്ന L D ടൈപ്പിസ്റ്റ് തസ്തികയിൽ ശ്രീമതി.ഷീബയെ നിലവിലുള്ള OA തസ്തികയിൽനിന്നും സ്ഥാനകയറ്റം നൽകി നിയമിക്കാൻ കഴിയില്ലെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."*

5) ധനകാര്യ വകുപ്പിന്റെ ടി അഭിപ്രായ പ്രകാരം ശ്രീമതി ഷീബ കെ. വി.-യ്ക്ക് സ്ഥാനക്കയറ്റം നൽകണമെന്ന അക്കാദമി സെക്രട്ടറിയുടെ അഭ്യർത്ഥന രണ്ട് പ്രാവശ്യം സർക്കാർ നിരസിച്ചിട്ടുള്ളതാണ്. (A2/138/2017/I&PR., dtd., 27/07/2019, A2/142/2019/I&PRD, dtd., 10/12/2019).

6) ഇതിനെതിരായി കേരള മീഡിയ അക്കാദമിയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി ഷീബ കെ. വി., തന്നെ അക്കാദമിയിലെ എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് നിയമിക്കണമെന്നഭ്യർത്ഥനയോടെ ബഹു. ഹൈക്കോടതി മുൻപാകെ WP (C) No. 1240/2021 കേസ് ഫയൽ ചെയ്യുകയുണ്ടായി. 22/02/2021-ലെ ഹൈക്കോടതി വിധിന്യായം പ്രകാരം മുൻ സർക്കാർ തീരുമാനങ്ങൾ (27/07/2019-ലെയും , 10/12/2019-ലെയും) മാറ്റി വച്ച് ഹർജിക്കാരന്റെ ആവശ്യം പുന.പരിശോധിച്ച്, വിധിന്യായം സർക്കാരിൽ ലഭ്യമായ തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ, നടപടി സ്വീകരിക്കണമെന്ന് ഉത്തരവായിരുന്നു. പ്രസ്തുത വിധിന്യായം സർക്കാരിൽ ലഭ്യമായത് 02/03/2021-ലാണ്. ആയതു പ്രകാരം വിധിന്യായം നടപ്പിലാക്കേണ്ട സമയപരിധി 01/05/2021-ൽ കഴിഞ്ഞിട്ടുള്ളതുമാണ്. അതിനിടെ 22/02/2021-ലെ വിധി ന്യായത്തിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലെന്ന് ആരോപിച്ച് ഹർജിക്കാരി സമർപ്പിച്ച **കോടതി അലക്ഷ്യ കേസ് നം. 1862/2021** അഡ്വക്കേറ്റ് ജനറൽ കൈമാറിയിട്ടുള്ളതും കേസ് പുന.പരിശോധിച്ച് റിപ്പോർട്ട് ചെയ്യുകയോ അല്ലെങ്കിൽ വിധിന്യായം പാലിക്കാത്തതിന്റെ കാരണങ്ങൾ കാണിക്കുന്ന ആവശ്യമായ നിർദ്ദേശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. ആയതിനെ തുടർന്ന് ഇതുവരെ ഉണ്ടായ കാലതാമസം

മാപ്പാക്കണമെന്നും കോടതിയലക്ഷ്യ ഹർജിയിലെ വിധിയും നിർദ്ദേശങ്ങളും പാലിക്കാൻ ഒരു മാസത്തെ സമയം കൂടി അനുവദിക്കണമെന്നും അഡ്വക്കേറ്റ് ജനറലിനോട് 12/11/2021-ലെ A2/8/2021/I&PRD കത്ത് മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ അപേക്ഷക ഫയൽ ചെയ്ത WP(C) 1240/2021 നം കേസിൻമേൽ 22/02/2021 ലെ ബഹു കോടതി വിധിന്യായവും കോടതി അലക്ഷ്യ കേസ് നം. 1862/2021 -ലെ വിധിയും നിർദ്ദേശങ്ങളും പാലിക്കാൻ 12/11/2021 മുതൽ 2 മാസത്തേക്ക് സമയം അനുവദിക്കുന്നതിനു വേണ്ടി യഥാവിധി പൂരിപ്പിച്ച് ഒപ്പിട്ട സത്യവാങ്മൂലം 24/11/2021 ലെ A2/8/2021/I&PRD നമ്പർ കത്ത് പ്രകാരം അഡ്വക്കേറ്റ് ജനറൽ, എറണാകുളം-ന് അയച്ചിട്ടുണ്ട്.

7) 22/02/2021-ലെ വിധിന്യായ പ്രകാരം ഹർജിക്കാരിയുടെ അപേക്ഷ പുന.പരിശോധിക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ അഭിപ്രായം വീണ്ടും ആരായുകയുണ്ടായി. ആ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു:

*"Administrative Department shall move at appropriate level for concurrence after verifying the applicability of 10% by transfer appointments in Media Academy as per G.O(P)No.1/2014/P&ARD dated 03.01.2014 with the views of Personnel and Administrative Reforms Department. Administrative Department is also requested to verify the transparency of appointment and shall examine the scope for filing an appeal on the proposal if needed"*

8) ആശ്രിത നിയമന വ്യവസ്ഥയിലാണ് കേരള മീഡിയ അക്കാദമിയിൽ ഓഫീസ് അറ്റൻഡന്റായി ശ്രീമതി. ഷീബ കെ.വി-യെ നിയമിച്ചതെന്നതിനാൽ ടിയാളെ കേരള മീഡിയ അക്കാദമിയിൽ ഒഴിവുള്ള ഒരു എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കുവാൻ കൗൺസിൽ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കേരള മീഡിയ അക്കാദമി സെക്രട്ടറി ശുപാർശ ചെയ്തിട്ടുള്ളത്. ഓഫീസ് അറ്റൻഡന്റായ ശ്രീമതി. ഷീബ കെ.വി.-യ്ക്ക് എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്കുള്ള പി.എസ്.സി നിയമനത്തിന് നിർദ്ദേശിച്ചിട്ടുള്ള യോഗ്യത ഉള്ളതിനാലും, കേരള മീഡിയ അക്കാദമിയിലെ നിയമനങ്ങൾ കേരള പബ്ലിക് സർവീസസ് ആക്ടിന്റെ പരിധിയിൽ വരുന്നതല്ലാത്തതിനാലും, ടിയാൾക്ക് കേരള മീഡിയ അക്കാദമിയിൽ ഒഴിവുള്ള ഒരു എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള സാധുതമായ എല്ലാ സാധ്യതകളും പരിശോധിക്കാൻ സർക്കാർ തീരുമാനിച്ചതിന്റെ

അടിസ്ഥാനത്തിൽ ഫയൽ ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

*" സർക്കാർ വകുപ്പുകളിലെ എൽ.ഡി ക്ലർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലെ 10% ഒഴിവുകളിലെയ്ക്ക് താഴ്ന്നവിഭാഗം ജീവനക്കാരിൽ നിന്നുള്ള ബൈട്രാൻസ്ഫർ നിയമനവുമായി ബന്ധപ്പെട്ടുള്ളതാണ് 03.01.2014 -ലെ G.O(P)No.1/2014/P&ARD നം. ഉത്തരവ്. മീഡിയ അക്കാദമി, പബ്ലിക് സർവ്വീസിനു കീഴിൽ വരാത്തതിനാലും എൽ.ഡി ടൈപ്പിസ്റ്റിന്റെ രണ്ട് തസ്തികകൾ മാത്രമാണ് അക്കാദമിയിൽ നിലവിലുള്ളത് എന്നതിനാലും ടി ഉത്തരവ് അക്കാദമിയുടെ കാര്യത്തിൽ ബാധകമാകില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."*

9) ഉത്തരവുകൾക്കായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കേരള മീഡിയ അക്കാദമിയിലെ ഓഫീസ് അറ്റൻഡന്റിന്റെ സ്ഥിരം തസ്തികയിൽ ഇപ്പോൾ ജോലി ചെയ്ത് വരുന്ന ശ്രീമതി ഷീബ കെ. വി.-യ്ക്ക് 26500-60700/- ശമ്പള സ്കെയിലിൽ അക്കാദമിയിലെ എൽ. ഡി ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകാമോ?

കേരള സർക്കാർ

<u>സംഗ്രഹം</u>

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - കേരള പ്രസ്സ് അക്കാദമിയിൽ ദിവസവേതനാടിസ്ഥാനത്തിൽ ശിപായി തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. കെ.വി. ഷീബയ്ക്ക് ശിപായി തസ്തികയിൽ സ്ഥിരനിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (എ) വകുപ്പ്

സ.ഉ.(എം.എസ്)നം.1/2012/ഐ&പി.ആർ.ഡി. തീയതി, തിരുവനന്തപുരം, 21/01/2012

പരാമർശം:- (1) ശ്രീമതി. കെ.വി. ഷീബയുടെ 16/09/2011 തീയതിയിലെ അപേക്ഷ.

(2) കേരള പ്രസ്സ് അക്കാദമി സെക്രട്ടറിയുടെ 18/05/2011, 17/06/2011, 03/10/2011 എന്നീ തീയതികളിലെ 67/ഇ/6011/കെ.പി.എ. നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

കേരള പ്രസ്സ് അക്കാദമിയിൽ ദിവസവേതനാടിസ്ഥാനത്തിൽ ശിപായി തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. കെ.വി. ഷീബയുടെ ഭർത്താവായ ശ്രീ. ഇ. ദിനേഷ് കുമാർ, 1987 മുതൽ കേരള പ്രസ്സ് അക്കാദമിയിൽ സ്ഥിരം തസ്തികയിൽ ശിപായിയായി ജോലി നോക്കിയിരുന്നു. 02/05/2006-ൽ എറണാകുളം ജില്ലാ ട്രഷറിയിൽ നിന്നും കേരള പ്രസ്സ് അക്കാദമി ജീവനക്കാരുടെ ശമ്പളം മാറിയ തുകയുമായി അക്കാദമിയിലേയ്ക്ക് വരുമ്പോൾ അക്രമികൾ അദ്ദേഹത്തെ മാരകമായി കുത്തി പരുക്കേല്പിക്കുകയും പണം തട്ടിയെടുക്കാൻ ശ്രമിക്കുകയും ചെയ്തു. തൽഫലമായി പരസഹായമില്ലാതെ ദിനകൃത്യങ്ങൾ ചെയ്യുവാനോ നടക്കുവാനോ കഴിയാത്ത അവസ്ഥയിലായ അദ്ദേഹം സ്പെഷ്യൽ ഡിസെബിലിറ്റി ലീവിൽ തുടരുകയും ഡോക്ടർമാർ പെർമനന്റ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയതിനെ തുടർന്ന് സേവനത്തിൽ നിന്നും ഡിസെബിലിറ്റി പെൻഷൻ പ്രകാരം വിടുതൽ ചെയ്യുകയും ചെയ്തു. ടി ഒഴിവിൽ ടിയാന്റെ ഭാര്യയും പട്ടികജാതിക്കാരിയുമായ ശ്രീമതി. കെ.വി. ഷീബ 15/01/2007 മുതൽ അക്കാദമിയിൽ ദിവസവേതനാടിസ്ഥാനത്തിൽ താല്ക്കാലികമായി ജോലി ചെയ്തുവരുന്നു. ടി നിയമനം 05/02/2008-ൽ ചേർന്ന അക്കാദമി യോഗം അംഗീകരിച്ചിട്ടുണ്ട്. ശ്രീമതി. കെ.വി. ഷീബയ്ക്ക് കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ടാണ് ശ്രീ. ദിനേഷ് കുമാറിന്റെ ചികിത്സാചെലവുകളും നിത്യചെലവുകളും കുട്ടികളുടെ വിദ്യാഭ്യാസവും നടത്തുന്നതെന്നും ആയതിനാൽ ശ്രീ. ദിനേഷ് കുമാറിന്റെ ഇപ്പോഴത്തെ സ്ഥിതി പരിഗണിച്ചും ശ്രീമതി. കെ.വി. ഷീബ 15/01/2007 മുതൽ തുടർച്ചയായി തൃപ്തികരമായി ജോലി ചെയ്യുന്നതിനാലും അക്കാദമിയിൽ പട്ടികജാതിയിൽപ്പെട്ട മറ്റാരും സേവനത്തിൽ ഇല്ലാത്തതിനാലും ടിയാൾക്ക് കേരള പ്രസ്സ് അക്കാദമിയിൽ സ്ഥിരം നിയമനം നൽകുന്നത് ഉചിതമായിരിക്കുമെന്ന് പരാമർശം (2) പ്രകാരം കേരള പ്രസ്സ് അക്കാദമി സെക്രട്ടറി അറിയിച്ചിരുന്നു.

.........2

മേൽ സാഹചര്യത്തിൽ, ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ എറണാകുളം ജില്ലാ ട്രഷറിയിൽ നിന്നും ജീവനക്കാരുടെ ശമ്പളത്തുകയുമായി വരവെ അക്രമികളുടെ പിടിച്ചുപറി ശ്രമത്തിനിടയിൽ മാരകമായി കുത്തി പരിക്കേൽപ്പിക്കപ്പെട്ട പട്ടികജാതി വിഭാഗക്കാരനായ ശ്രീ. ഇ. ദിനേഷ് കുമാറിന്റെ ഭാര്യയും കേരള പ്രസ്സ് അക്കാദമിയിൽ ദിവസവേതനാടിസ്ഥാനത്തിൽ 15/01/2007 മുതൽ ശിപായിയായി ജോലിയെടുക്കുകയും ചെയ്യുന്ന ശ്രീമതി. കെ.വി. ഷീബയ്ക്ക് കേരള പ്രസ്സ് അക്കാദമിയുടെ ചട്ടങ്ങളിൽ അയവ് വരുത്തി കേരള പ്രസ് അക്കാദമി നിർവ്വാഹക സമിതി യോഗത്തിന്റെ 02/01/2008-ലെ ശുപാർശ പ്രകാരം ശിപായി തസ്തികയിൽ സ്ഥിര നിയമനം നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

റ്റി.ജെ. മാത്യു

സെക്രട്ടറി

പൊതുഭരണ (എസ്.സി) വകുപ്പ് (vide item No. 1045 dated 18/01/2012)
അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം
സെക്രട്ടറി, കേരള പ്രസ്സ് അക്കാഡമി, കാക്കനാട്.പി.ഒ., കൊച്ചി - 682 030.
ശ്രീമതി. കെ.വി. ഷീബ, ശിപായി, കേരള പ്രസ്സ് അക്കാഡമി
(കേരള പ്രസ്സ് അക്കാഡമി സെക്രട്ടറി മുഖേന)
നിയമ (എഫ്) വകുപ്പ് (vide Endt.No. 23187/F2/11/Law dated 22/11/2011).
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
(vide Endt.No. 13667/A2/11/P&ARD dated 23/08/2011).
ധനകാര്യ വകുപ്പ്
പട്ടികജാതി / പട്ടികവർഗ്ഗ (എഫ്) വകുപ്പ്
(vide Endt.No. 6715/F2/11/SCSTDD dated 21/04/2011)
ഡയറക്ടറുടെ സി.എയ്ക്ക്
സെക്രട്ടറിയുടെ സി.എയ്ക്ക്
വിവര പൊതുജന സമ്പർക്ക (ബി & സി) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ